# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1002 08/01/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്

| ചോദ്യം<br><br>ശ്രീമതി ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവന്ന വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | ഗ്രാന്റ് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (സി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. നേഴ്സറിതലം മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിച്ചുവരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണ ചെലവ്, പോക്കറ്റ് മണി, യൂണിഫോം എന്നിവ അനുവദിക്കുന്നു. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ്, വാർഷിക ലംപ്സംഗ്രാന്റ്, ഫീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിച്ചുവരുന്നു. വകുപ്പിന്റെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് താമസം, ഭക്ഷണ ചെലവ്, പോക്കറ്റ്മണി എന്നിവ അനുവദിച്ചുവരുന്നു. ഗവ. അംഗീകൃത കോളേജ് ഹോസ്റ്റലുകളിലും സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിയ്ക്കുന്നവർക്ക് ഹോസ്റ്റൽ ഫീസാനുകൂല്യം അനുവദിച്ച് വരുന്നു. ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ പ്രൊഫഷണൽ |

| | | | |
|---|---|---|---|
| | | | കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ സ്വന്തം നിലയിൽ സ്ഥാപനത്തിനടുത്ത് താമസിച്ച് പഠിക്കുകയാണെങ്കിൽ 1,500/- രൂപ ബോർഡിംഗ് ഗ്രാന്റായി നൽകുന്നു., |
| (ഡി) | 2012, 2013 വർഷങ്ങളിൽ ഗ്രാന്റ് ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ആയത് ലഭിക്കുന്നതിന് നടപടി സ്വീതകരിക്കുമോ ; | (ഡി) | 2012, 2013 വർഷങ്ങളിൽ ഗ്രാന്റ് ലഭിക്കാത്ത കേസ്സുകളുണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് മുടങ്ങിപ്പോയ ഗ്രാന്റ് ലഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ ? | (ഇ) | യഥാസമയം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്ന മുറയ്ക്ക് അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും യഥാസമയം തന്നെ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്.<br><br>പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത വിദ്യാഭ്യാസാനുകൂല്യ വിതരണ പദ്ധതി പ്രകാരം അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖകൾ വഴി ez-pay card സംവിധാനത്തിലൂടെ നൽകിവരുന്ന അപേക്ഷകൾ ആദ്യവർഷം തന്നെ അക്ഷയകേന്ദ്രങ്ങൾ വഴി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് ez-pay card സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ